بسم الله الرحمن الرحيم

# MESSAGE OF THE KHALIFATULLAH

*Hazrat Munir A. Azim (Atba)*

## To the Jamaat Ul Sahih Al Islam Kerala/ Tamil Nadu

*Eid-Ul-Adha Mubarak*

## UNITED FOR THE CAUSE OF ALLAH

**ജമാഅത്തുസ്സഹീഹിൽ ഇസ്ലാം കേരള/തമിഴ്നാട് സംസ്ഥാനങ്ങൾക്കായി ഖലീഫത്തുല്ലാഹ്-യുടെ സന്ദേശം**

**ഈദുൽ അദ്ഹാ മുബാറക്ക് / അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരുമിയ്ക്കുക.**

---

കേരളത്തിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ പ്രിയങ്കരരായ സഹോദരന്മാരെ, സഹോദരിമാരെ, കുഞ്ഞുങ്ങളെ അസ്സലാമു അലൈയ്ക്കും വറഹ്മത്തുല്ലാഹി വ ബർക്കാത്തുഹു. **2016 സെപ്റ്റംബർ 11 മുതൽ 12 വരെ തീയതികളിൽ മാത്രയിലെ നമ്മുടെ നൂറുൽ ഇസ്ലാം മസ്ജിദിൽ നടക്കുന്ന ഈദുൽ അദ്ഹ കൂട്ടായ്മയിലേക്കായി ഇന്നേദിവസം (സെപ്റ്റംബർ 6) ഈ സന്ദേശം കുറിയ്ക്കുന്നതിൽ എനിക്ക് അതിയായ സന്തോഷം അനുഭവപ്പെടുന്നുണ്ട്.** അല്ലാഹുവിന്റെ അതി മഹത്തായ അനുഗ്രഹത്താൽ ഈ കാലഘട്ടത്തിലെ ഖലീഫത്തുല്ലാഹ്‌യെ തിരിച്ചറിയുന്നതിനും ആ സന്തോഷ വാർത്ത ആവേശപൂർവ്വം മറ്റുള്ളവരിലേക്ക് പകർന്ന് നൽകുന്നതിനും നിങ്ങൾക്കേവർക്കും സാധ്യമായിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ആത്മാർത്ഥ ശ്രമങ്ങളിൽ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുകയും നിങ്ങളുടെയും മറ്റു സത്യാന്വേഷികളുടെയും ഹൃദയങ്ങളെ പ്രകാശഭൂരിതമാക്കുകയും ചെയ്യുമാറാകട്ടെ. അതുവഴി അവർക്ക് അല്ലാഹുവിന്റെയും ഈ നൂറ്റാണ്ടിലെ അവന്റെ ദൂതന്റെയും മഹത്വം മനസ്സിലാക്കുന്നതിനും, അത് തിരിച്ചറിയുന്നതിനും, പൂർണ്ണമായി ഉൾക്കൊള്ളുന്നതിനും, അംഗീകരിക്കുന്നതിനും സാധിക്കുമാറാകട്ടെ ആമീൻ ! അല്ലയോ എന്റെ ശിക്ഷ്യ ഗണങ്ങളെ, നിങ്ങൾ സദാ ഓർമ്മയിൽ സൂക്ഷിക്കേണ്ട സംഗതി ഇതാണ്. ഇതുമാത്രമാണ്. ഈ ലോകത്തെ സമുദ്ധരിക്കുന്നതിനും, അവരെ അല്ലാഹുവിലേക്ക് മാർഗ്ഗ ദർശനം നൽകി നടത്തുന്നതിനും നിങ്ങൾക്കുണ്ടായിരിക്കേണ്ട പ്രധാന ഗുണം നിങ്ങൾ എല്ലാവരും– എല്ലാ മുസ്ലീങ്ങളും യോജിച്ച് ഒരൊറ്റ യൂണിറ്റായി വർത്തിക്കേണ്ടതാണ് എന്നതത്രേ. കാരണം അല്ലാഹുവിലും ഇസ്ലാമിക തത്വശാസ്ത്രങ്ങളിലും, കാലഘട്ടത്തിലെ അവന്റെ ദൂതനിലും വിശ്വസിക്കുന്നുവെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നവരെല്ലാം തന്നെ ഒറ്റക്കെട്ടായി നിന്ന്, ഈ മഹത്തായ കർമ്മത്തിനായി മുന്നിട്ടിറങ്ങുമ്പോൾ മാത്രമേ മുസ്ലീങ്ങളുടെ ഏകോപനം സാധ്യമാവുകയും, നാം എല്ലാവരും യഥാർത്ഥ മുസ്ലീങ്ങളായി മാറുകയും ചെയ്യുകയുള്ളൂ. ഇസ്ലാം നമ്മുടെ മതം ആണെന്ന് ഓർമ്മവയ്ക്കുക. മുസ്ലീങ്ങളുടെ ഏകോപനം സാധ്യമാക്കാനുള്ള ഒരു മാധ്യമമായി മാത്രമാണ് അല്ലാഹു ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ സാധ്യമാക്കിയിരിക്കുന്നത്. ആയതിനാൽ ഒറ്റയ്ക്കൊറ്റക്ക് നിന്നാൽ നമ്മൾ ആരുമല്ല. ഒന്നുമല്ല പക്ഷെ ഒറ്റക്കെട്ടായി നിന്നാൽ നമുക്കെല്ലാം സാധ്യമാകും. കാരണം അല്ലാഹു ഏകനത്രെ. അവൻ തന്റെ യഥാർത്ഥ ദാസരെല്ലാം ഒരുമയോടെ നിലകൊള്ളുന്നത് ഇഷ്ടപ്പെടുന്നു. തങ്ങൾ വിശ്വസിക്കുന്നത് നാവുകൾ കൊണ്ട് ആത്മാർത്ഥമായി പറയുകമാത്രമല്ല, ആ ആത്മാർത്ഥത തങ്ങളുടെ അവസാന ശ്വാസം വരെ പ്രവർത്തനങ്ങളിൽ നിലനിർത്തുകയും ചെയ്യുന്നവരത്രേ അവന്റെ യഥാർത്ഥ ദാസർ.

അല്ലയോ എന്റെ പ്രിയ ശിഷ്യരെ, നിങ്ങളെ ഓരോരുത്തരെയും അല്ലാഹു നിങ്ങളുടെ കാലഘട്ടത്തിലെ അവന്റെ ദൂതനെ തിരിച്ചറിഞ്ഞ്, അദ്ദേഹത്തിനെ പിൻതുടരുവാനുള്ള മഹത്തായ അവസരം നൽകി അനുഗ്രഹിച്ചിരിക്കുകയാണ്. ആയതിനാൽ നിങ്ങളെല്ലാവരും, നിങ്ങളുടെ ജീവിതത്തെ പരിഷ്ക്കരിച്ചുകൊണ്ടിരിക്കേണ്ടതും, അങ്ങനെ യഥാർത്ഥ മുസ്ലീങ്ങളായി തീരുവാൻ ശ്രമിയ്ക്കേണ്ടതും അത്യാവശ്യമായ ഘടകം ആണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ നിങ്ങളെ പിന്തുടരേണ്ടതിന് മറ്റ് ജനങ്ങൾക്ക് നിങ്ങൾ മാതൃകകളായി വർത്തിക്കേണ്ടതും അവശ്യം തന്നെയാണ്. ഉദാരഹരണമായി ഞാൻ **'ജിഹാദ്'** വിഷയം സംബന്ധിച്ച് മുൻ ആഴ്ചകളിൽ നടത്തിയ ഖുത്തുബകളിൽ പരാമർശിച്ചിരുന്ന ആളുകളുടെ പ്രവർത്തനങ്ങൾ നോക്കുക. ഞാൻ പരാമർശിച്ചിരുന്ന ആളുകൾ മുസ്ലീങ്ങൾ ആണെന്നാണ് അവകാശപ്പെട്ടിരുന്നത്. പക്ഷേ അവരുടെ പ്രവർത്തനങ്ങൾ ഒരിക്കലും മുസ്ലീങ്ങളുടേത് ആയിരുന്നില്ല. അവർ ഖുർ ആൻ വചനങ്ങൾ ഉദ്ധരിച്ചിരുന്നത് തെറ്റായ രീതിയിലുള്ള ഉദ്ദേശങ്ങളോടെയായിരുന്നു. പരിണിതഫലമോ, ഖുർ ആൻ സംബന്ധമായി മോശമായ ഒരു ധാരണ (അല്ലാഹു ക്ഷമിച്ചു തരട്ടെ) സമൂഹത്തിൽ പടർന്നു. കാലഘട്ടത്തിലെ ഖലീഫത്തുല്ലാഹ്യെ തിരിച്ചറിഞ്ഞു എന്ന് പറയുന്നത് ഒരു വശം മാത്രമാണ്. പക്ഷെ ഈ തിരിച്ചറിവ് കൊണ്ട് ഇസ്ലാമിന്റെ സത്തയിലൂന്നിയ ഒരു ജീവിതം നിങ്ങൾ പടുത്തുയർത്തുന്നതിലാണ് കാര്യം. എന്റെ ആഗമനോദ്ദേശ്യം, ജനങ്ങളെ അല്ലാഹുവിലേക്ക് നയിക്കുക എന്നതാണ്. അല്ലാതെ എന്നിലേക്ക് നയിക്കുക എന്നതല്ല. അതേ സമയം ഖുർ ആൻ വ്യക്തമായി ബോധവത്ക്കരണം നടത്തുന്നത് ജനങ്ങളെ അല്ലാഹുവിലേക്കും, അവന്റെ ദൂതനിലേക്കും നയിക്കുന്നതിനും, അനുസരിപ്പിക്കുന്നതിനുമത്രെ. ദൂതൻ, പ്രവാചകൻ തുടങ്ങിയ പദങ്ങൾക്കൊണ്ട് അല്ലാഹു ലക്ഷ്യമിടുന്നത് പരിശുദ്ധ പ്രവാചകനായ മുഹമ്മദ് നബി (സ) നെയാണ്. അല്ലാഹുവിന്റെ ജീവിച്ചിരിക്കുന്ന വാക്കുകൾ ആയ ഖുർആൻ, വിധി നാൾ വരെ നിലനിൽക്കുന്നതും ഓരോ കാലഘട്ടത്തിലെയും വിശിഷ്യാ, അല്ലാഹുവിന്റെ ദൂതരുടെ സാന്നിധ്യമുള്ള കാലഘട്ടത്തിൽ ജനങ്ങളുടെ ജീവിതങ്ങൾ പടുത്തുയർത്തുന്നതിനുള്ള ചാലക ശക്തിയായി വർത്തിക്കുന്നതുമായ ആയ ഒന്നാണ്. ചുരുക്കി പറഞ്ഞാൽ അല്ലാഹു എപ്പോഴൊക്കെ അവന്റെ ദൂതനെ ജനങ്ങളുടെ ഇടയിലേക്ക് അയക്കുന്നുവോ, അപ്പോഴെല്ലാം ഖുർആൻ കൂടുതൽ ജീവസ്സുറ്റതായി മാറുകയും, ഖുർ ആൻ വചനങ്ങൾ ആ ദൂതരുടെയും, അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളുടെയും ജീവിതവുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു. ഈ താദാത്മ്യം പ്രാപിക്കൽ എത്രത്തോളമെന്നാൽ അദ്ദേഹവുമായി ബന്ധപ്പെട്ടുകിടക്കുന്ന സമൂഹത്തിലെ ഓരോ ജനവിഭാഗത്തെയും – അവർ വിശ്വാസികളോ, കപട വിശ്വാസികളോ, അവിശ്വാസികളോ, ആരുമോ ആയി കൊള്ളട്ടെ അത് സ്വാധീനിക്കുന്നു എന്നതാണ്.

അതായത്, ഓരോ വ്യക്തിയും തന്റെ ഹൃദയം കൊണ്ട് വിശുദ്ധ ഖുർ ആനെ തങ്ങളുടെ ജീവിത മാർഗ്ഗദർശനമാക്കുവാൻ ആഗ്രഹിക്കുമ്പോൾ, അത് മാനവ സമൂഹത്തിനുള്ള ജീവിതവഴികാട്ടിയായി വർത്തിക്കുന്ന മാധ്യമമായി മാറുന്നു എന്ന് ചുരുക്കം. ഇസ്ലാം അവസാനത്തെ മതവും, ഖുർ ആൻ അവസാനത്തെ ജീവിത ക്രമം അടങ്ങിയ ഗ്രന്ഥവുമാകുമ്പോൾ, തിരുനബി (സ) യ്ക്ക് ശേഷം ആഗതരായ ഓരോ ദൂതനും ലോകത്തിനാകമാനമായി ആഗതരാകുന്നവരും, അവർ ഓരോരുത്തരും, അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും, വിശുദ്ധ ഖുർആനെയും പിൻതുടരുന്നവരും അല്ലാഹുവിലേക്കും–ശരിയായ പാതയിലേക്കും ജനങ്ങളെ വഴി നടത്തുന്നവരുമായിരിക്കും. ആയതിനാൽ എന്നിൽ വിശ്വസിച്ചിരിക്കുന്നുവെന്നവകാശപ്പെടുന്ന ഓരോ വ്യക്തിയും ഇസ്ലാമിലെ നിയമ സംഹിതകൾ ദൃഢമായി പാലിക്കുന്നവരും, തങ്ങളുടെ ജീവിതങ്ങളെ തിരുനബി (സ) യുടെയും, അവരുടെ സഹാബാക്കളുടെയും ജീവിത

മാതൃകകൾക്ക് അനുസൃതമായി രൂപപ്പെടുത്തിയവരും ആയിരിക്കണം. തുടക്കത്തിൽ ഇതത്ര എളുപ്പമുള്ള കാര്യമായിരിക്കില്ല നിങ്ങൾക്ക്. മാനവ സമൂഹം ദുർബലരാണെന്നും, തങ്ങളുടെ ദൗർബല്യങ്ങളെ അത്രവേഗം വിട്ടൊഴിയാൻ അവർ തയ്യാറാകില്ലായെന്നുമെനിക്കു ബോധ്യമുണ്ട്. അതിന് കുറച്ച് സമയമെടുക്കുകതന്നെ ചെയ്യും. പക്ഷെ എന്റെ പ്രിയ ശിഷ്യരെ, നിങ്ങൾ ഓർക്കുക. നമുക്ക് സമയം ഒട്ടുമില്ല. അതുകൊണ്ട് തന്നെ പാഴാക്കുവാനും ഒരു നിമിഷമില്ല. അല്ലാഹു നമ്മെ ഏൽപ്പിച്ച മഹത്തായ കർമ്മം പൂർത്തിയാക്കുവാൻ ഒരു നിമിഷവും പാഴാക്കാതെ പരിശ്രമിക്കുക. നിങ്ങൾ ബൈ അത്ത് ചെയ്തപ്പോൾ നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളെ തന്നെയും അല്ലാഹുവിനും, അവന്റെ പ്രവാചകനും വേണ്ടി നിങ്ങളുടെ ഹൃദയങ്ങളെയും ആത്മാക്കളെയും വിൽക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ അല്ലാഹുവിന് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുവാനായി നിങ്ങൾ സദാ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു. **“വിശ്വാസികളിൽ നിന്ന്, അവർക്ക് സ്വർഗ്ഗമുണ്ട് എന്ന ഉറപ്പിന്മേൽ അല്ലാഹു അവരുടെ ജീവനും, ധനവും വിലയ്ക്ക് വാങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർ പൊരുതുന്നു. അങ്ങനെ അവർ (ശത്രുക്കളെ) വധിക്കുകയും, (ചിലപ്പോൾ) വധിക്കപ്പെടുകയും ചെയ്യുന്നു. തൗറാത്തിലും ഇഞ്ചീലിലും, ഖുർആനിലും (പ്രസ്താവിക്കപ്പെട്ട) അല്ലാഹുവിന് നിറവേറ്റുവാൻ ബാധ്യതയുള്ള സത്യമായ ഒരു വാഗ്ദാനമാണിത്. തന്റെ കരാറിനെ അല്ലാഹുവിനെക്കാൾ നല്ല നിലയിൽ പൂർത്തിയാക്കുന്നവൻ മറ്റാരുണ്ട് ? അതുകൊണ്ട് (അല്ലാഹുവുമായി) നിങ്ങൾ നടത്തിയിട്ടുള്ള ഈ വ്യാപാരത്തിൽ സന്തുഷ്ടരാവുക. അതു തന്നെയാണ് മഹത്തായ വിജയം.”** (അത്തൗബ : 111) നിങ്ങളുടെ സമയം അമൂല്യമാണ്. അല്ലാഹുവിനും അവന്റെ മാർഗ്ഗത്തിലുമായി നിങ്ങൾ ചെലവിടുന്ന ഒരു സെക്കന്റും ഒരിയ്ക്കലും പാഴാവില്ല തന്നെ. ഈ ഭൗതിക ലോകം നമ്മുടെ താത്ക്കാലിക ഭവനം മാത്രമാണെന്ന് ഓർത്തുകൊള്ളുക. നമ്മുടെ ശാശ്വത യഥാർത്ഥ ഭവനം അല്ലാഹുവിന്റെ സന്നിധിയിൽ, അവന്റെ സിംഹാസനത്തിനരികിൽ ആണെന്നും, ഈ ലോകത്തെ ചില നിശ്ചിത സമയങ്ങളിലെ, ദിനങ്ങളിലെ വെറും യാത്രികർ മാത്രമാണ് നമ്മളെന്നും ഓർക്കുക. അതുപോലെ തന്നെ നിങ്ങളുടെ ഹൃദയങ്ങളെ അല്ലാഹുവിന്റെ ആവാസ സ്ഥാനമാക്കി യഥാർത്ഥ **‘കഅ്ബാ ശരീഫ്’** ആക്കി വയ്ക്കുവാൻ സദാ പരിശ്രമിക്കുക. **അല്ലാഹു എപ്പോഴൊക്കെ നിങ്ങളുടെ ഒപ്പമുണ്ടോ അപ്പോഴൊക്കെ മറ്റെല്ലാം നിങ്ങളോടൊപ്പമുണ്ടെന്നും, എപ്പോൾ അല്ലാഹു നിങ്ങളോടൊപ്പം ഇല്ലയോ അപ്പോൾ നിങ്ങളോടൊപ്പം മറ്റൊന്നും ഇല്ലെന്നും ഓർമ്മിച്ചുകൊള്ളുക.**

വിശ്വസിക്കുന്നു എന്നു പറയുന്നത് എളുപ്പമുള്ള കാര്യമാണ്. പക്ഷേ ആ വിശ്വാസത്തിനനുസരിച്ച് പ്രവർത്തിക്കുന്നതും, അതിനായി ത്യാഗം ചെയ്യുന്നതും അങ്ങനെയല്ല. തന്റെ സഹോദരങ്ങളുടെ തെറ്റുകളും കുറവുകളും മറന്നുകൊണ്ട് വിശ്വാസി സംരക്ഷണത്തിനായി, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പരസ്പരം ഉപദേശിച്ചും, സഹായിച്ചും ഒറ്റക്കെട്ടായി നിലകൊള്ളുന്ന വിശ്വാസി സമൂഹം വാസ്തവത്തിൽ ഇസ്ലാമിനും, അല്ലാഹുവിനും, വിശുദ്ധ പ്രവാചകനായ തിരുനബിക്കും നിങ്ങളുടെ ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫയും, മുഹ്യ്ദ്ദീനും, അമീറുൽ മുഅ്മിനീനും ആയ എനിയ്ക്കും ഒരു പരിചയായി നിലകൊള്ളുകയാണ്.

അല്ലാഹു എന്നെ നിങ്ങളുടെ വഴികാട്ടിയും നേതാവും ആക്കിയപ്പോൾ, നിങ്ങൾക്കു മുന്നിൽ കടുത്ത പരീക്ഷണങ്ങളും, മികവുറ്റ പ്രതിഫലങ്ങളും അവൻ നിങ്ങൾക്കായി സജ്ജമാക്കുകയും ചെയ്തു. അല്ലാഹുവിലുള്ള വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട്, സ്ഥിര ചിത്തത പാലിക്കുകയും, തങ്ങളുടെ ജീവിതങ്ങളെ ദൈവീക നിർദ്ദേശങ്ങൾക്കും, വിശുദ്ധ ഖുർആന്റെയും, വിശുദ്ധ പ്രവാചകരുടെയും,

ഈ കാലഘട്ടത്തിന്റെ നേതാവും, വഴികാട്ടിയുമായ എന്റെയും ഉപദേശങ്ങൾക്കനുസരിച്ചും രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുന്ന വിശ്വാസികൾ ഭാഗ്യവാന്മാരാണ്. അമീർമാരായ ജമാലുദ്ദീൻ സാഹിബിന്റെയും, താഹിർ സാഹിബിന്റെയും, ഫസിൽ ജമാൽ, ഹാരിസ്, സലീം, ഷംസുദ്ദീൻ (പാലക്കാട്), ഷംസുദ്ദീൻ കൊടുങ്ങല്ലൂർ സുൽഫീക്കർ അലി, അസീം, റഷീദ് എന്നീ സാഹിബുമാരുടെയും ദീനി പ്രവർത്തനങ്ങളെ ഞാൻ ഈ അവസരത്തിൽ എടുത്ത് പറയുകയാണ്. ശാരീരിക അവശതകളുള്ള എന്റെ അനുയായികളെയും ഞാൻ ഓർക്കുന്നു. നിങ്ങൾക്കേവർക്കും അല്ലാഹു സ്ഥിര ചിത്തത പ്രദാനം ചെയ്യുകയും, നിങ്ങളുടെ ബലഹീനതകളെ മറികടക്കുന്നതിനും, നിങ്ങൾക്ക് കഴിയുന്ന രീതിയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സഹായിക്കുന്നതിനും – അത് വിവർത്തനങ്ങളുടെ രൂപത്തിലോ, സാമ്പത്തിക ത്യാഗങ്ങളുടെയോ, തബ്‌ലീഗ് പ്രവർത്തനങ്ങളുടെയോ രൂപത്തിലോ ആകട്ടെ – സാധിക്കുമാറകട്ടെ ആമീൻ ! **നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിനായി മാറ്റിവയ്ക്കുന്ന ഒരു രൂപയ്ക്കു പോലും അനേകം ഇരട്ടിയാണ് പ്രതിഫലമായി നിങ്ങൾക്ക് ലഭിക്കുന്നത് എന്ന് ഓർക്കുക.** നിങ്ങളുടെ കഴിവിനനുസൃതമായി നിങ്ങൾ എത്ര സമാഹരിക്കുന്നുവോ അത്രയുമധികം അല്ലാഹു നിങ്ങളിൽ സംപ്രീതനായിരിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സഹായികളായി വർത്തിക്കുന്ന ഓരോ വ്യക്തിയുടെയും ജീവിതത്തെ അവൻ പ്രകാശ പൂരിതമാക്കുകയും, അവർക്ക് അവൻ സഹായിയായി വർത്തിക്കുകയും ചെയ്യും. താൻ അങ്ങേയറ്റം ഇഷ്ടപ്പെടുന്നവരെ അല്ലാഹു കടുത്ത പരീക്ഷണ വിധേയമാക്കുകയും ചെയ്യും. ആയതിനാൽ ജീവിതത്തിലെ കഠിന പരീക്ഷണങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ച്, അല്ലാഹുവിന് നിങ്ങൾ നൽകിയ വാഗ്ദാനം മറക്കാതെ, അവനോടും, അവന്റെ ജമാഅത്തിനോടുമുള്ള നിങ്ങളുടെ കടമ്പകൾ വീഴ്ച കൂടാതെ നിർവ്വഹിക്കുകയും ചെയ്യുന്നവർ ഭാഗ്യം ചെയ്തവരത്രേ. പേരെടുത്തു പറയാത്ത എന്റെ മറ്റു ശിഷ്യരെ ഞാനൊന്ന് ഓർമ്മിപ്പിക്കുകയാണ്. നിങ്ങളുടെ പേരെടുത്തു പറഞ്ഞില്ലായെന്നതിനാൽ, നിങ്ങൾ എന്റെ പ്രാർത്ഥനകളിലോ, ചിന്തകളിലോ, ഹൃദയത്തിലോ ഇല്ലായെന്ന് കരുതരുത്. അങ്ങനെയല്ല. നിങ്ങൾക്കായി ഞാൻ അനേകം ഇരട്ടിയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും നല്ല രീതിയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നതിനുള്ള അവസരങ്ങൾ അല്ലാഹു നിങ്ങൾക്ക് ഔദാര്യമായി നൽകുന്നതാണ്. അങ്ങനെ നിങ്ങൾക്ക് നന്നായി പ്രവർത്തിക്കുന്നതിനും, അവന്റെ സാന്നിദ്ധ്യത്തെ തിരിച്ചറിയുന്നതിനും അവന്റെ പ്രീതി സമ്പാദിക്കുന്നതിനും സാധിക്കുമാറാകട്ടെ.

**വനിതകളോട് :–** കൂട്ടത്തിൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങൾക്ക് കഴിയുന്ന സഹായങ്ങളും, സേവനങ്ങളും നൽകുവാൻ ഞാൻ സഹോദരിമാരെയും ഓർമ്മിപ്പിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ വിവർത്തന ജോലികൾ തുടരുക. നിങ്ങളുടെ മാതൃഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും ലോക ജനതയ്ക്കിടയിൽ ഈ മഹാ സത്യത്തെ വ്യാപനം ചെയ്യുന്നതിനായി ലേഖനങ്ങളും വിവർത്തനങ്ങളും ചെയ്യുക. ഖലീഫത്തുല്ലാഹ്‌യുടെ ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും, ഇസ്ലാമിൽ പൊതുവിലും വനിതകൾക്ക് പ്രത്യേക പങ്ക് വഹിക്കുവാനുണ്ട്. ഒരു വനിതയുടെ – ഒരു പെൺകുഞ്ഞിന്റെ പ്രാധാന്യം വളരെ വലുതാണ്. അവർ ഇസ്ലാമിനായി നൽകുന്ന സംഭാവനകൾ അമൂല്യമാണ്. വിലയിടാനാവാത്തതുമത്രെ. **എന്റെ എല്ലാ വനിതാ ശിഷ്യരെയും– യുവതികളോ, വൃദ്ധകളോ ആകട്ടെ– ജമാഅത്തിനായി അകമഴിഞ്ഞ് പ്രവർത്തിക്കുവാൻ സേവനങ്ങൾ നൽകുന്നതിൽ വ്യാപൃതരാകുവാൻ ഉണർത്തുകയാണ്.** നിങ്ങൾ നിങ്ങളുടെ പുരുഷൻമാർക്ക് നൽകുന്ന ഉപദേശങ്ങളും, നിങ്ങളാൽ കഴിയുന്ന രീതിയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കായി ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് നൽകുന്ന സംഭാവനകളും പതിന്മടങ്ങ് അനുഗ്രഹവും പുരോഗതിയുമായി തിരികെ

ലഭിക്കുന്നതാണ്. ഇന്നിന്റെയും നാളെയുടെയും പ്രതീക്ഷകൾ നിങ്ങളിലാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സേവനം ചെയ്ത സച്ചരിതകളായ വനിതകളിൽ നിന്നും മാതൃകകൾ ഉൾക്കൊള്ളുക. അങ്ങനെ നിങ്ങളുടെ പ്രാർത്ഥനകളിലൂടെ, ഔദാര്യമനോഭാവങ്ങളിലൂടെ, ജമാഅത്തിനായി നൽകുന്ന സേവനങ്ങളിലൂടെ നിങ്ങളുടെ ഭർത്താക്കന്മാരെയും, പിതാക്കന്മാരെയും, ജമാഅത്തിന് ഒന്നടങ്കവും, സഹായിക്കുന്നതിലൂടെ ജമാഅത്തിനെ ഏകോപിപ്പിക്കുന്നതിനും, പുരോഗതിയിലേക്ക് നയിക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുക. ശിഷ്യരായ നിങ്ങൾ ഓരോരുത്തരും എന്റെ ഹൃദയത്തിൽ ജീവിച്ചിരിക്കുന്നുണ്ട്. നിങ്ങൾ ബൈഅത്ത് ചെയ്ത് വാഗ്ദാനം ചെയ്ത നിമിഷം മുതൽ എന്റെ ഏറ്റവും അടുത്തവരായി മാറിയവരാണ്. ഒപ്പം ഞാൻ ആദ്യം മുതൽ തുടർന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ഒന്ന് വീണ്ടും പറയട്ടെ– ബൈഅത്ത് വാഗ്ദാനത്തോടെ നിങ്ങൾ ഒരു പുതുജീവിതം തുടങ്ങുകയാണ്. അതുമുഖേന അല്ലാഹു നിങ്ങൾക്ക് മറ്റു മനുഷ്യർക്ക് മാതൃക പകരത്തക്ക വിധമുള്ള ഒരു ജീവിതം നയിക്കുവാനുള്ള ഒരവസരം നൽകുകയാണ്. എന്റെ പ്രിയങ്കരരായ മുഹമ്മദ് (സ) യുടെയും, അതിന് മുമ്പ് അവതീർണ്ണരായിട്ടുള്ള പ്രവാചകന്മാരുടെയും അത് പോലെ തന്നെ ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) യുടെയും ഒന്നും ജീവിതം മലർ വിരിച്ച മെത്തകളായിരുന്നില്ല. കാഠിന്യം നിറഞ്ഞതായിരുന്നു. അവർക്ക് ഏറെ വിഷമങ്ങൾ സഹിക്കേണ്ടി വന്നിരുന്നു. **ഏറ്റവും വലിയ പ്രശ്നക്കാർ കപട വിശ്വാസികളായിരുന്നു.** എനിക്കും ഇതൊക്കെ ബാധകം തന്നെ എന്ന ഉത്തമ ബോധ്യം എനിക്കുണ്ട്. ഞാനൊരു സുവിശേഷം അറിയിക്കുന്ന ആളും, താക്കീത്കാരനുമാണ്. എനിക്ക് ഹൃദയങ്ങളെ മാറ്റിമറിയ്ക്കാനാവില്ല. സത്യത്തെ സ്വീകരിച്ചിട്ട് അതിൽ നിന്ന് വ്യതിചലിച്ചു പോകുന്നവർക്ക് വമ്പിച്ച നാശമത്രെ. അങ്ങേയറ്റം നിർഭാഗ്യവാന്മാരായ അവരെ അല്ലാഹു ഒരു വിധത്തിലും സഹായിക്കുന്നതല്ല. **എന്റെ ശിഷ്യരെന്ന് അവകാശപ്പെടുകയും, അതേ സമയം വിശുദ്ധഖുർ ആനും തിരുസുന്നത്തിനും എതിരായി പ്രവർത്തിക്കുകയും ചെയ്യുന്ന ചിലർ അല്ലാഹുവിനും, ജമാഅത്തിനും എതിരെ ഗൂഢ പ്രവർത്തികളിൽ ഏർപ്പെടുകയും, ദൈവീക നിർദ്ദേശങ്ങളെ കാറ്റിൽ പറത്തുകയും ചെയ്യുന്നുണ്ട്. അവർ പശ്ചാത്തപിച്ച് മടങ്ങുന്നില്ലെങ്കിൽ അല്ലാഹു അവരെ നിഷ്കരുണം ഇല്ലാതാക്കുന്നതാണ്.** എനിക്ക് ദിവ്യവെളിപാടുണ്ടായ നാൾ മുതൽ ഈ ലോകത്തെ എന്റെ ജീവിതം അവസാനിക്കുന്ന – അന്ത്യ ശ്വാസം വലിക്കുന്ന– നിമിഷം വരെ ഞാനിതു തന്നെ പറഞ്ഞ് കൊണ്ടിരിക്കുന്നതാണ്. ഭൂമിയിലെ എന്റെ ജീവിതകാലം ഈ ഏറ്റവും അനുഗ്രഹീതവും അന്യൂനവുമായ കാലഘട്ടത്തിലാണ്. ഈ കാലഘട്ടത്തിൽ തങ്ങളുടെ ജീവിതം ഏറ്റവും അർത്ഥ പൂർണ്ണമായി ജീവിക്കുവാൻ ഭാഗ്യം സിദ്ധിക്കുന്ന ഏതൊരു വ്യക്തിക്കും അല്ലാഹുവിന്റെ ശാശ്വത സ്നേഹ വലയത്തിൽ വിരാജിക്കുവാൻ സാധിക്കുന്നതാണ്.

**അല്ലയോ ശിഷ്യരെ, നിങ്ങൾക്ക് അല്ലാഹുവിന്റെ സ്നേഹ പാശത്തിൽ ശാശ്വതമായി ജീവിക്കുവാൻ ആഗ്രഹമില്ലെ ? ഉണ്ടെങ്കിൽ ബൈഅത്ത് മുറുകെ പിടിക്കുകയും, ഓരോ നിമിഷവും നിങ്ങളെ പരിഷ്ക്കരിക്കുന്നതിൽ വ്യാപൃതരാവുകയും ചെയ്തുകൊണ്ടിരിക്കുവിൻ, അങ്ങനെയെങ്കിൽ നിങ്ങൾ ഓരോരുത്തരും ലോകത്തിന് മുന്നിൽ അല്ലാഹുവിന്റെ സത്യസാക്ഷ്യങ്ങളായി വിളങ്ങുക. അപ്പോൾ നിങ്ങളെ കാണുന്ന മറ്റുളളവർക്ക്, അല്ലാഹുവിന്റെ പ്രകാശം നിങ്ങളിൽ അനാവൃതമാകുന്നതും , നിങ്ങളുടെ വിശ്വാസ ദാർഢ്യവും, സത്യത്തിനുവേണ്ടിയുള്ള നമ്മുടെ നിലനിൽപ്പിന്റെ കാരണവും നിസ്സംശയം ബോധ്യപ്പെടുന്നതാണ്. സന്തോഷം നിറഞ്ഞ ഹൃദയത്തോടെ അവർ ഇസ്ലാമിന്റെ ചിറകിനടിയിൽ ഒതുങ്ങുന്നതുമാണ്. ഇൻശാ അല്ലാഹ് !** ലോകത്ത് പൊതുവിലും പ്രത്യേകിച്ച് കേരളത്തിലും, തമിഴ്നാട്ടിലും ഇന്ത്യയിലുടനീളവുമുള്ള എന്റെ ശിഷ്യ

രെല്ലാവരും തന്നെ അല്ലാഹുവുമായി ഏറ്റവും അടുത്ത യഥാർത്ഥ മുസ്ലീങ്ങളായി വർത്തിക്കുന്നത് കാണുവാൻ എനിക്ക് ആഗ്രഹമുണ്ട്. ഞാൻ നിങ്ങളിലേക്ക് ആഗതനായത്, നിങ്ങൾക്ക് വഴികാട്ടി, നിങ്ങളെ അല്ലാഹുവുമായി അരക്കിട്ടുറപ്പിച്ച് നിർത്തുന്നതിനാണ്. നിങ്ങൾ നിങ്ങളുടെ ജീവിത ലക്ഷ്യം പൂർത്തിയാക്കി അല്ലാഹുവിന്റെ അനന്തമായ അനുഗ്രഹങ്ങൾക്ക് പാത്രമാകുന്നത് കാണുമ്പോൾ ഞാൻ എത്ര സന്തോഷവാനാകുന്നുണ്ട് ! ഇൻശാ അല്ലാഹ് അത് എത്ര മനോഹരമായിരിക്കും ! അല്ലയോ അല്ലാഹ്, എന്റെ ഈ ആഗ്രഹത്തെ എന്റെ ജീവിതകാലത്തു തന്നെ നീ എനിക്ക് പൂർത്തിയാക്കി അതിന്റെ സത്ഫലങ്ങൾ ആസ്വദിക്കുന്നതിനും, **ഈ ലോകത്ത് നിന്നുള്ള എന്റെ വിടവാങ്ങലിനു ശേഷം, എന്റെ വിശുദ്ധരും, ആത്മാർത്ഥതയുള്ളവരുമായ സഹാബാക്കൾക്ക്, ശിഷ്യർക്കും അനുയായികൾക്കും നിന്റെ അനുഗ്രഹങ്ങളുടെയും, ഔദാര്യങ്ങളുടെയും അനന്തരവകാശികൾ ആകുന്നതിനുമുള്ള ഭാഗ്യം നൽകേണമേ ആമീൻ.**

നിങ്ങളുടെ ഈ ഈദ് കൂട്ടായ്മയെ അല്ലാഹു അനുഗ്രഹിക്കുകയും, അസൂയയുടേയോ, അഹംഭാവത്തിന്റെയോ, സംശയത്തിന്റേയോ ലാഞ്ചനകളേതുമില്ലാതെ ഒറ്റക്കെട്ടായി നിൽക്കുന്നതിനും ഇടയ്ക്കിടെ ഒത്തുകൂടുന്നതിനും അവസരം നൽകുകയും ചെയ്യട്ടെ. നന്മയുടെ കാര്യത്തിൽ അഹമഹമികയാ മുന്നേറുന്നതിന് പ്രേരിപ്പിക്കട്ടെ. ഈ അനുഗ്രഹീത കാലഘട്ടം നമുക്കായി കാത്തു വച്ചിരിക്കുന്ന അനുഗ്രഹങ്ങളും മൂല്യങ്ങളും ഉൾക്കൊണ്ട് അല്ലാഹുവിന്റെ അദമ്യമായ സ്നേഹത്തിനുടമകളാക്കി മാറ്റുകയും ചെയ്യട്ടെ. ആമീൻ. സുമ്മ ആമീൻ. യാ റബ്ബൽ ആലമീൻ. ഈ ജമാഅത്ത് –ജമാഅത്തുസ്സഹീഹിൽ ഇസ്ലാം – പവിത്രവും, അല്ലാഹുവിന്റേതുമാണ് എന്ന് സദാ ഓർക്കുക. ഇതിൽ ഓരോ നിമിഷവും ആത്മാർത്ഥതയോടെ തന്നെ വർത്തിക്കുക. അങ്ങനെയെങ്കിൽ അല്ലാഹു നിങ്ങളിൽ പ്രീതിപ്പെടുന്നതായിരിക്കും. അതല്ലാ മറിച്ചാണെങ്കിൽ, അവിശ്വാസികൾക്കെതിരിൽ വിശ്വാസികളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ അല്ലാഹു ആവിഷ്ക്കരിക്കുന്നതാണ്. ഒരിക്കലും അഴിമതിക്കാരാകരുത്. നിങ്ങളുടെ ഓരോ വാക്കിലും പ്രവർത്തിയിലും സദാ ഇസ്ലാമിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ ജാഗരൂകരായിരിക്കുക. അങ്ങനെ ചെയ്യുന്നതിന് അല്ലാഹു നിങ്ങളെ പ്രാപ്തരാക്കട്ടെ. ആമീൻ. സുമ്മ ആമീൻ. യാ റബ്ബൽ ആലമീൻ. എല്ലാവർക്കും ഞാൻ ഈദ് മുബാറക്ക് നേരുന്നു. **നിങ്ങളുടെ ഹൃദയാന്തരങ്ങളിലും, ആത്മാവുകളിലും, ഹസ്രത് ഇബ്രാഹീം (അ) യുടെയും, ഹസ്രത് ഇസ്മാഈൽ (അ) യുടെയും ഹസ്രത് ഹാജ്റ (റ) യുടെയും ത്യാഗ മനോഭാവം വിടർന്ന് പരിലസിക്കുമാറാകട്ടെ. ആമീൻ !**


Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*Email : jamal.raother@gmail.com*
*www.jamaat-ul-sahih-al-islam.com*

Translated by
Fauzia Jamal